**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5794** **27.10.2011 - ൽ മറുപടിയ്ക്ക്**

**തരിശിട്ടിരിക്കുന്ന കൃഷിഭൂമി**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ടി.എം. തോമസ് ഐസക്ക്<br>ശ്രീ. ബാബു എം. പാലിശ്ശേരി<br>ശ്രീ. എ.എം. ആരിഫ്<br>ശ്രീ. സി. കൃഷ്ണൻ | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) തരിശിട്ടിരിക്കുന്ന കൃഷിഭൂമിയുടെ അളവ് വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധമായ വസ്തുതകൾ വെളിപ്പെടുത്തുമോ; ഇത് വിശദമായ പഠനത്തിന് വിധേയമാക്കാമോ; | (എ) നിലവിൽ തരിശിട്ടിരിക്കുന്ന കൃഷി ഭൂമിയുടെ അളവ് വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഭക്ഷ്യ സുരക്ഷാ പദ്ധതികൾ, സമഗ്ര പച്ചക്കറി വികസനം, സമഗ്ര നെൽകൃഷി വികസനം എന്നീ പദ്ധതികളിൽ തരിശുഭൂമിയിൽ കൃഷി ചെയ്യുന്നതിനാൽ തരിശുഭൂമിയുടെ വിസ്തൃതി കുറഞ്ഞുവരുന്നതായാണ് അനുഭവപ്പെടുന്നത്. മാത്രമല്ല നടപ്പു സാമ്പത്തിക വർഷം പൊതുജന പങ്കാളിത്തത്തോടെ 5 കോടി രൂപയുടെ തരിശുഭൂമി കൃഷി പദ്ധതി കൃഷിഭവൻ മുഖാന്തിരം കുടുംബശ്രീ യൂണിറ്റുകൾ, സന്നദ്ധസഹായ സംഘങ്ങൾ മറ്റു സ്വയം സഹായ സംഘങ്ങൾ, വനിതാഗ്രൂപ്പുകൾ എന്നിവ മുഖാന്തിരം നടപ്പാക്കുന്നുമുണ്ട്. |

(..........2)

| | | | |
|---|---|---|---|
| (ബി) | കൃഷി ആദായകരമല്ലാത്തതും ചെറുകിട കാർഷികോല്പാദന സമ്പ്രദായം നേരിടുന്ന കടുത്ത പ്രതിസന്ധിയും ബാങ്ക് വായ്പ ലഭ്യമല്ലാത്തതുമാണിതിന്റെ പ്രമുഖ കാരണങ്ങൾ എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കുന്നതിന് നടപ്പാക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ? | (ബി) | ഉണ്ട്.<br>ഇതിനൊരു പരിഹാരമായിട്ടാണ് തരിശ്ശുഭൂമി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഭക്ഷ്യസുരക്ഷ പദ്ധതി, സമഗ്ര നെൽകൃഷി വികസനം, സമഗ്ര പച്ചക്കറി വികസന പദ്ധതികളിൽ സാമ്പത്തിക സാങ്കേതിക സഹായങ്ങൾ ലഭ്യമാക്കുന്നത്. കൂടാതെ തരിശുഭൂമി കൃഷിക്കുവേണ്ടി മാത്രം പൊതുജന പങ്കാളിത്തത്തോടെയുള്ള 5 കോടി രൂപയുടെ തരിശ്ശുഭൂമി കൃഷി പദ്ധതിയും ഈ ലക്ഷ്യത്തോടുകൂടിയാണ് നടപ്പാക്കുന്നത്. |

(ഒപ്പ്)
സെക്ഷൻ ഓഫീസർ